സജ്ജമാക്കിയിരിക്കുന്നത്. ഇത്തരത്തിലുള്ള ഉപകരണങ്ങൾ എല്ലാം സ്ഥാപിച്ച് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ എച്ച്.എൽ.എൽ. ഡ്രഗ്സ് കൺട്രോളർ മുഖേന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിക്ക് കൈമാറിയിട്ടുണ്ട്.

(ഇ) മൈക്രോബയോളജി ലാബിൽ മരുന്ന പരിശോധനയ്ക്ക് മുമ്പായി അണുവിമുക്തമാക്കേണ്ടതും ഉപകരണത്തിന്റെ വാലിഡേഷൻ നടത്തേണ്ടതുമാണ്. അക്കാര്യങ്ങൾ ഇപ്പോൾ അവസാന ഘട്ടത്തിലാണ്. ഇപ്പോൾ പഴയ മൈക്രോ ബയോളജി ലാബ് പ്രവർത്തിച്ചുവരുന്നുണ്ട്.

(എഫ്) ഇല്ല. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിമയപ്രകാരം പ്രസ്തുത തസ്തിക അനിവാര്യമല്ല.

(ജി) മൈക്രോബയോളജി ലാബ് പ്രവർത്തിക്കുന്നതിന് തുടക്കത്തിൽ ചില ചെറിയ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. AHU, Gas line, Fire Safety Alarm എന്നിവയ്ക്ക് അപാകതകൾ കണ്ടെത്തിയിരുന്നു. ആയത് പരിഹരിച്ചിട്ടുണ്ട്. കൂടാതെ മൈക്രോബയോളജി ലാബിൽ സ്ഥാപിച്ചിട്ടുള്ള യന്ത്രോപകരണങ്ങളുടെ ആധികാരികമായ രേഖകളും അധികമായി ആവശ്യമായ ചില പരിശോധനാ സൗകര്യങ്ങളും ആവശ്യമാണെന്ന് ചീഫ് ഗവൺമെന്റ് അനലിസ്റ്റ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ലാബ് സ്ഥാപിച്ച എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിനെ അറിയിക്കുകയും പ്രസ്തുത സ്ഥാപനം തന്നെ നിയമാനുസൃതമായി പ്രസ്തുത കാര്യങ്ങൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

## മങ്കട ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി

**158 (823)** ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മങ്കടയിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly